കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പന ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018 -19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:.doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി7/87/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി-16.03.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം . കെ.എസ്.എ-കെ.എൽ.എം.പി.7/87/2020 തീയതി-16-03-2020

**കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ**

**2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 12.09.2018 മുതൽ 07.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ്

അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ സൈമൺ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.12.2019 മുതൽ 19.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.മണിലാൽ വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി. അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ശരത് എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. അന കെ ആനന്ദ് | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. എസ്. നാസറുദ്ദീൻ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | : | ശ്രീ.ആർ ഹാരിഷ് മുഹമ്മദ് കോയ | 01.04.2018മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.ഷൈനി ബി.എസ് | 01-4-2018മുതൽ |

| | | | |
|---|---|---|---|
| | | | 31-07-2018 വരെ |
| | | ശ്രീമതി.രജനി കെ | 01-08-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.പ്രദീപ്കുമാർ എൻ | 01.04.2018 മുതൽ 18.06.2018 FNവരെ |
| | | ശ്രീ. യേശുദാസ് | 18.06.18 AN മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.കസ്തൂരി പി റ്റി | 01.04.2018 മുതൽ 19.08.2018വരെ |
| | | ശ്രീമതി.ഷംന ആർ | 20.08.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | | ഡോ.സീന എസ് എൽ | 01.04.2018 മുതൽ 04.12.2018 വരെ |
| | | വേക്കന്റ് | 05.12.2018 |
| | | ഡോ.ഷാജി റഹ്മാൻ | 06.12.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | | ഡോ.സുനിത ശിവദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഡോ.ദിൻഷ മുരളി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ | | ഡോ.ശ്രീജ ഒ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | | ശ്രീ.രതീഷ് ബാബു എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| | | ശ്രീമതി.മോനിഷ എം.എസ് | 01.04.2018 മുതൽ 31.03.19 വരെ |
| | | ശ്രീമതി. ശാലിനി വി | 25.10.18 മുതൽ 31.03.19 വരെ |
| | | | |

| | | | |
|---|---|---|---|
| എച്ച്.എം | | ശ്രീ.രാജുക്കുട്ടി | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.സുജിത എസ് | 01.04.2018 മുതൽ 30.10.2018 വരെ |
| | | ഒഴിവ് | 31.10.18 മുതൽ 13.11.18 വരെ |
| | | ശ്രീമതി.ജിനി ചന്ദ്രൻ | 14.11.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീ.സാബു എം എസ് | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | | |

| | | |
|---|---|---|
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | അങ്കണവാടികളുടെ വൈദ്യുതീകരണം - രേഖകൾ ലഭ്യമായിട്ടില്ല. | 1-13 |
| 14 | ലൈഫ് ഭവന നിർമ്മാണം- ചെലവ് രേഖകൾ പൊരുത്തപ്പെടുന്നില്ല. | 1-14 |
| 15 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ-മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-15 |
| 16 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പപദ്ധതി- സിമന്റ് കോൺക്രീറ്റ് കട്ട് നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 1-16 |
| 17 | ലൈഫ് മിഷൻ- ആദ്യ ഗഡു കൈപ്പറ്റിയവരിൽ ചിലർ ഇതുവരെ പണി ആരംഭിച്ചിട്ടില്ല. | 1-17 |
| 18 | നാളികേര നേഴ്സറി- വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല | 1-18 |
| 19 | കന്നു കുട്ടി പരിപാലനം വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 20 | നെൽ വിത്ത് വിതരണ രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് | 1-20 |

| | | |
|---|---|---|
| 21 | ഇ.എം. എസ് ഭവന പദ്ധതി ലോൺ തിരിച്ചടവ് കണക്കുകൾ കൃത്യമല്ല | 1-21 |
| 22 | പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 23 | എസ്. എസ്.എ. വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 24 | ലേലം - ജി.എസ്.റ്റി ഈടാക്കിയിട്ടില്ല. | 1-24 |
| | ഭാഗം 2 | |
| | ഇല്ല. | |
| | ഭാഗം 3 | |
| 25 | നെൽ വിത്ത് വിതരണ രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-1 |
| | ഭാഗം 4 | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം. | 4-6 |

| | | |
|---|---|---|
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 38 | അനുബന്ധപത്രികൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

23.08.19 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.05.2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.19 മുതൽ 23.07.19 വരെ | കെ.എസ്.എ.കെ.എൽ.എം.പി7/1064/19 തീയതി 17.09.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10778215 |
| വരവ് | 189182240 |
| ആകെ | 199960455 |
| ചെലവ് | 165910991 |
| നീക്കിയിരിപ്പ് | 34049464 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 31549000 | 31549000 | 29325834 | 2223166 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15074000 | 15074000 | 14949000 | 125000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7764000 | 7764000 | 7250609 | 513391 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6249000 | 6249000 | 6060000 | 189000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14642000 | 14642000 | 12283571 | 2358429 |
| സാക്ഷരത | | 688 | 34 | 722 | 0 | 722 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 367182258 | 367182258 | 367182258 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 371543 | 592463 | 964006 | 950121 | 13885 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 0 | 912850 | 912850 | 16497 | 896353 |
| | വിമുക്തി | 20750 | 25000 | 45750 | 45750 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 450000 | 11836013 | 12286013 | 5189147 | 207371 |
| | ജില്ലാ പഞ്ചായത്ത് | 2700 | 1923537 | 1976237 | 4071353 | 4794379 |
| ബി ഫണ്ട് | | 0 | 1479480 | 1479480 | 1479480 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10033135 | 9400899 | 19434034 | 5368538 | 14065496 |
| | ട്രഷറി അക്കൗണ്ട് | -547100 | 41702364 | 41155246 | 26408499 | 14746747 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 267442619 | 127 | 136006074 | 23 | 39 | 73.4 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) ഔഷധ സസ്യകൃഷി (പദ്ധതി നം.166)

2) PMAY പഞ്ചായത്ത് വിഹിതം (പദ്ധതി നം.66)

3) 85-ാം നമ്പർ അംഗൻവാടി നിർമ്മാണം(പദ്ധതി നം.9)

4) PMAY പഞ്ചായത്ത് വിഹിതം (പദ്ധതി നം.45)

5) ST ഫണ്ട് കൺസോളിഡേറ്റഡ് അക്കണ്ടിലേക്ക് തിരിച്ചടവ് (പദ്ധതി നം.51)

6) കായിക വികസനം (പദ്ധതി നം.144)

7) ആസ്തി രജിസ്റ്റർ കാലികമാക്കൽ (പദ്ധതി നം.176)

8) പകൽ വീടിന് അനുബന്ധഉപകരണങ്ങൾ (പദ്ധതി നം.178)

9) പഞ്ചായത്ത് ഓഫീസിന് സർവ്വർ (പദ്ധതി നം.193)

10) കാഴ്ചകുറഞ്ഞ കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ (പദ്ധതി നം.80)

11) ബയോഗ്യാസ് പ്ലാന്റ് (പദ്ധതി നം.155)

12) പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം SC (പദ്ധതി നം.121)

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 367182258 | 367182258 | 367182258 | 0 |
| ഭരണചെലവുകൾ | 371543 | 592463 | 964006 | 950121 | 13885 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 609480 | 315 |
| കർഷകതൊഴിലാളി പെൻഷൻ | 5823200 | 483 |
| വിധവാപെൻഷൻ | 28451700 | 2690 |
| വാർദ്ധക്യകാലപെൻഷൻ | 26997800 | 2901 |
| വികലാംഗപെൻഷൻ | 10793000 | 848 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 870000 | 29 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 573900 | 34 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09/12/19, 3.15 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 65,695/-രൂപക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.19 | 09/19 മുതൽ 10/19 വരെ | 04.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.05.18 മുതൽ 18.05.18വരെ | 2013-14 മുതൽ 2017-18 വരെ | 09.07.2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ചെക്ക് നം. 917006/06.10.2018 Rs.1562/-(കാനറ ബാങ്ക്), ചെക്ക് നം. 20223/06.12.2018 Rs.550/- (ജില്ലാ സഹകരമ ബാങ്ക്, കണ്ണനല്ലൂർ) എന്നിവ

ബാലൻസ് ഷീറ്റിൽ ബി -9 ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്കിന്റെഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കളപ്പാടം മാർക്കറ്റ് ലേലയിനത്തിൽ അഡ്വാൻസായി ലഭിച്ച 4760/- രൂപ അദർ റസീപ്റ്റ്സ് എന്നയിനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

3.സ്ഥിരം നിക്ഷേപമിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 3000/- രൂപയുടെ ആധികാരികത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

## 1-13 അങ്കണവാടികളുടെ വൈദ്യുതീകരണം - രേഖകൾ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ അങ്കണവാടികൾ വൈദ്യുതീകരിച്ചത് സംബന്ധിച്ച ഫയൽ പരിശോധനയിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

11.06.2018 ൽ ചേർന്നിട്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 11(2) നമ്പർ തീരുമാനപ്രകാരം 09,11,18 വാർഡിലെ 3 അങ്കണവാടികൾ വൈദ്യുതീകരിക്കുന്നതിനു ആവശ്യമായ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ഇലക്ട്രിക്കൽ ലൈസൻസുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് നടപ്പിലാക്കുന്നതിനു തീരുമാനമെടുത്തിരുന്നു. ആയതിൻപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.വിനോദ് ചന്ദ്രൻ, പുതുവേലിൽ ട്രഡേഴ്സ്, നെടുമ്പന എന്ന വ്യക്തിക്ക് 10,000/- രൂപ (500 രൂപ കംപ്ലീഷൻ സർട്ടിഫിക്കറ്റിനായി ഉൾപ്പടെ) നിരക്കിൽ ഓരോ അങ്കണവാടിയും വൈദ്യുതീകരിക്കുന്നതിനു ആവശ്യമായ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്തുന്നതിനു 25.06.2018 ൽ ചേർന്നിട്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം ക്വട്ടേഷൻ അംഗീകരിച്ചു നൽകി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ വ്യക്തി പണി പൂർത്തീകരിച്ചിട്ടുള്ളതായി കാണിച്ച് 07.07.2018 ൽ ചെക്ക് നം.19098 പ്രകാരം 28,500/- രൂപ (3 X 9,500) തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സെക്രട്ടറി ശ്രീ.വിനോദ് ചന്ദ്രൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ചെലവ് സംബന്ധിച്ച വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടികൾ വൈദ്യുതീകരിക്കുന്നതിനു ആവശ്യമായ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ സംബന്ധിച്ച എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. പ്രവൃത്തി ചെയ്തിട്ടുള്ള ശ്രീ.വിനോദ് ചന്ദ്രൻ എന്ന വ്യക്തിയുടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള ഇലക്ട്രിക്കൽ വയർമാൻ പെർമിറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

4. അങ്കണവാടികളിൽ നടത്തിയിട്ടുള്ള ഇലക്ട്രിഫിക്കേഷൻ വർക്കുകളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. മേൽ പരാമർശ രേഖകളുടെ അഭാവത്തിൽ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ള 28,500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഇലക്ട്രിഫിക്കേഷൻ വർക്കുകളുടെ എസ്റ്റിമേറ്റ്, പ്രവൃത്തി ചെയ്തിട്ടുള്ള ശ്രീ.വിനോദ് ചന്ദ്രൻ എന്ന വ്യക്തിയുടെ ഇലക്ട്രിക്കൽ വയർമാൻ പെർമിറ്റ്, ഇലക്ട്രിഫിക്കേഷൻ വർക്കുകളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**എൻക്വയറി നം.01/17.12.2019**

## 1-14 ലൈഫ് ഭവന നിർമ്മാണം- ചെലവ് രേഖകൾ പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന നിർമ്മാണം (ജനറൽ) (പ്രോജക്ട് നം.67/19) പ്രകാരം ഭവന നിർമ്മാണത്തിനായി 198 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 40,000/- രൂപ വീതം ആകെ 79,20,000/- (198 X 40,000) നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ള 196 പേർക്ക് രണ്ടാം ഗഡുവായി 1,60,000/- രൂപ വീതം ആകെ 3,13,60,000/- (196 X 1,60,000) രൂപയും, രണ്ടാം സ്റ്റേജ് പൂർത്തിയാക്കിയിട്ടുള്ള 74 പേർക്ക് മൂന്നാം ഗഡുവായി 1,60,000/- രൂപ വീതം ആകെ 1,18,40,000/- (74 X 1,60,000) രൂപയും ഉൾപ്പടെ ആകെ 5,11,20,000/-(79,20,000 + 3,13,60,000 + 1,18,40,000) രൂപ ഓഡിറ്റ് വർഷത്തിൽ (2018-19) കൈപ്പറ്റ് രജിസ്റ്റർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 5,07,18,480/- രൂപ മാത്രമാണ് ചെലവ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ചെലവിൽ നിന്നും 4,01,520/- രൂപയുടെ കുറവ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ കാണുന്നു.

ലൈഫ് ഭവന നിർമ്മാണം (എസ്.സി) (പ്രോജക്ട് നം.69/19) പ്രകാരം ഭവന നിർമ്മാണത്തിനായി 32 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നു. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 40,000/- രൂപ വീതം ആകെ 12,80,000/- (32 X 40,000) നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ള 30 പേർക്ക് രണ്ടാം ഗഡുവായി 1,60,000/- രൂപ വീതം ആകെ 48,00,000/- (30 X 1,60,000) രൂപയും, രണ്ടാം സ്റ്റേജ് പൂർത്തിയാക്കിയിട്ടുള്ള 3

പേർക്ക് മൂന്നാം ഗഡുവായി 1,60,000/- രൂപ വീതം ആകെ 4,80,000/- (3 X 1,60,000) രൂപയും ഉൾപ്പടെ ആകെ 65,60,000/- (12,80,000 + 48,00,000 + 4,80,000) രൂപ ഓഡിറ്റ് വർഷത്തിൽ (2018-19) കൈപ്പറ്റ് രജിസ്റ്റർ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 84,80,000/- രൂപ ചെലവ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ ചെലവിനേക്കാൾ 19,20,000/- രൂപയുടെ അധിക ചെലവ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിരുന്നില്ല. പൊരുത്തക്കേടുകൾ ക്രമപ്പെടുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.02/17.12.2019**

## 1-15 മെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ-മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകൾ പ്രകാരം സി.എച്ച്.സി.യിലേക്ക് ലഭ്യമാകേണ്ട മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെയും ചെലവഴിച്ചിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവഴിച്ച തുക/ ഫണ്ടിനം | ബിൽ നം.& തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | ലഭ്യമാകാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|
| പാലിയേറ്റീവ് കെയറിനായി മരുന്ന് വാങ്ങൽ പ്രോജക്ട് നം.184/19 | 2,99,997/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 09/18-19 Dtd: 19.02.19 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേറ്റീവ് ലിമിറ്റഡ് | 2,99,997/- |
| ജീവിതശൈലീ രോഗനിയന്ത്രണം പ്രോജക്ട് നം.149/19 | 1,62,000/- (വികസന ഫണ്ട്) | 12/18-19 Dtd: 21.02.19 | " | 1,62,000/- |
| സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം.115/19 | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 13/18-19 Dtd: 21.02.19 | " | 2,00,000/- |
| സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം.163/19 | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 14/18-19 Dtd: 21.02.19 | " | 2,00,000/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാകുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.9/19.12.2019

## 1-16 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി- സിമന്റ് കോൺക്രീറ്റ് കട്ട് നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

"ലൈഫ്" ഉൾപ്പടെയുള്ള ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് സൗജന്യമായി നൽകുന്നതിനുവേണ്ടി സിമന്റ് കോൺക്രീറ്റ് കട്ടകൾ നിർമ്മിക്കുന്ന പ്രവൃത്തി തൻവർഷം തൊഴിലുറപ്പുപദ്ധതിയിലുൾപ്പെടുത്തി ചെയ്യുകയുണ്ടായി. 18 വർക്ക് കോഡുകളിൽപ്പെടുത്തി 91,46,820/- രൂപ ചെലവഴിച്ച് ആകെ 184261 കട്ടകൾ നിർമ്മിച്ചു. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**(1) എസ്റ്റിമേറ്റിൽ അപാകത.**

സെക്യുവർ സോഫ്റ്റ് വെയർ മുഖേന od7525/17-18 ഡേറ്റ പ്രകാരം 0.3x0.2x0.15 മീറ്റർ വലിപ്പത്തിൽ 99 ക്യൂബിക് മീറ്ററിന് (11,000 കട്ടകൾ) 5,00,000/- രൂപ നിരക്കിലാണ് കട്ട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളത്. ഇതു പ്രകാരം ആകെ ചെലവഴിച്ച 91,46,820/- രൂപയ്ക്ക് 2,01,230 കട്ടകൾ ലഭിക്കേണ്ടതാണ്. എന്നാൽ അക്രഡിറ്റഡ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം ആകെ 1,84,261 എണ്ണം കട്ടകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 0.3x0.23x0.15 മീറ്റർ വലിപ്പത്തിലുള്ള മോൾഡിൽ കംപ്രസ്സ് ചെയ്താണ് 0.3x0.2x0.15 മീറ്റർ വലിപ്പത്തിലുള്ള കട്ട നിർമ്മിച്ചതെന്നും പ്രസ്തുത കംപ്രസ്സ് ഫാക്ടർ ടി ഡേറ്റയിൽ ഉൾപ്പെടുത്താതിരുന്നതുകൊണ്ടാണ് ആദ്യ എസ്റ്റിമേറ്റുകളിൽ കണക്കാക്കിയ എണ്ണം കട്ടകൾ ലഭിക്കാതിരുന്നതെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അക്രഡിറ്റഡ് എഞ്ചിനീയർ മറുപടി നൽകി. തുടർന്ന് ഡേറ്റ പരിഷ്കരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുകയുണ്ടായി.

**(2) സ്റ്റോക്കിലും വിതരണത്തിലും മതിയായ നിരീക്ഷണമില്ല.**

5.6.2015- ലെ സ.ഉ.(സാ.ധാ.)1689/15/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിച്ച മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി സേവാ സൊസൈറ്റിയെയാണ് സിമന്റ് കട്ടകളുടെ നിർമ്മാണവിതരണ ചുമതല ഏൽപ്പിച്ചത്. നിർമ്മിക്കുന്ന കട്ടകൾ യഥാസമയം സ്റ്റോക്കിലെടുത്ത് വിതരണവും നീക്കിയിരിപ്പും കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സൊസൈറ്റിയിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് സൊസൈറ്റി പ്രവർത്തിക്കേണ്ടതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പുവിഭാഗത്തിലും ഇതു സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തിനാൽ സിമന്റ് കട്ടകളുടെ ഉത്പാദനവും വിതരണവും നിരീക്ഷിക്കാൻ കഴിഞ്ഞിട്ടില്ല.

**(3) അനുമതിയില്ലാതെ കൈകാര്യച്ചെലവ് ഈടാക്കുന്നു.**

ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് സൗജന്യമായി നൽകുന്ന ഓരോ സിമന്റ്

കട്ടയ്ക്കും കൈകാര്യച്ചെലവിനത്തിൽ 5/-രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി തൻവർഷം ആകെ 9,21,305/- രൂപ സേവ സൊസൈറ്റിയുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 24.9.2018- ലെ സ.ഉ.(കൈ)137/2018/ത.സ്വ.ഭ.വ. പ്രകാരമാണ് കൈകാര്യച്ചെലവ് ഈടാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീയുമായി ചേർന്ന് സ്ഥാപിക്കുന്ന സിമന്റ് കട്ട നിർമ്മാണ യൂണിറ്റിനാണ് കൈകാര്യച്ചെലവിനത്തിൽ പരമാവധി 10/- രൂപ ഈടാക്കാൻ പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈഫ് മിഷൻ- ആദ്യ ഗഡു കൈപ്പറ്റിയവരിൽ ചിലർ ഇതുവരെ പണി ആരംഭിച്ചിട്ടില്ല.

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിനു ഉതകുന്ന തരത്തിൽ ധനസഹായം ഉറപ്പാക്കുക എന്നുള്ളതാണ് ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള ലൈഫ് ഭവന നിർമ്മാണം (ജനറൽ) (പ്രോജക്ട് നം.67/19), ലൈഫ് ഭവന നിർമ്മാണം (എസ്.സി) (പ്രോജക്ട് നം.69/19) എന്നീ പ്രോജക്ടുകളിൽ വീട് നിർമ്മാണത്തിന് ധനസഹായത്തിനു വേണ്ടി ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റിയിട്ടുള്ള വ്യക്തികളിൽ ചുവടെ ചേർക്കുന്ന 4 ഗുണഭോക്താക്കൾ ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | എഗ്രിമെന്റ് തീയതി. | കൈപ്പറ്റിയ തുക | ബിൽ നം/ തീയതി. |
|---|---|---|---|---|
| 1. | റോയി പി.റ്റി. തെക്കേവിള പുത്തൻവീട്, പുലിയില (വാർഡ്-V) | 20/8/2018 | 40,000/- | 14/18-19 തീ.23.10.18 |
| 2. | ഉദയകുമാർ, താഴേകീലൂട്ട് വീട് (വാർഡ്-XXI) | 20/8/2018 | 40,000/- | 14/18-19 തീ.23.10.18 |
| 3. | മല്ലിക, രാധിക ഭവനം, ഇളവൂർ (വാർഡ്-VI) | 15/09/2018 | 40,000/- | 18/18-19 തീ.25.10.18 |
| | | | | |

| | | | | |
|---|---|---|---|---|
| 4. | രമ,<br>ശരണ്യാഭവനം,<br>നെടുമ്പന | 20/08/2018 | 40,000/- | 15/18-19<br>തീ.24.09.18 |

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആയതിനാൽ മേൽ വ്യക്തികളെക്കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ രേഖാമൂലം സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.02/17.12.2019**

## 1-18 നാളികേര നേഴ്സറി --വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല

പ്രോജക്ട് നമ്പർ 95

പ്രോജക്ട് - നാളികേര നേഴ്സറി

അടങ്കൽ 6,40,000/-

ചെലവ് 363200/-

ചെക്ക് നമ്പർ -2638798/28-03-19

നാളികേരം പാകി തൈങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്ന പ്രോജക്ട് നടത്തിപ്പിനായി
30-03-2019 തീയതിയിൽ നൽകിയ 24200/- രൂപയ്ക്ക് വാങ്ങിയ മോട്ടോർ, ടാങ്ക് എന്നിവ സ്റ്റോക്കിലെടുത്ത് കൃഷി ചെയ്യുന്ന വർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് മറുപടിയായി തൊഴിലുറപ്പ് പദ്ധതി പ്രകാരം ആണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയത് എന്നും തെങ്ങിൻ തൈകൾ വിതരണം ചെയ്തതിനും ശേഷം ആയത് തിരികെ ലഭിക്കുമ്പോൾ സ്റ്റോക്കിലെടുക്കാമെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാക്കേണ്ടതാണ്.

**എൻക്വയറി നമ്പർ-8/19-12-19**

## 1-19 കന്നു കുട്ടി പരിപാലനം വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്റിനറി സർജൻ

പ്രോജക്റ്റ് നമ്പർ -88

പ്രോജക്റ്റ് - കന്നുകുട്ടി പരിപാലനപദ്ധതി

അടങ്കൽ 40,00,000/-

ചെലവ് 10,00,000/-(വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ 10/18-19/25-10-18 -312500/-

21/18-19/21-1-19 -468750/-

24/18-19/26-3-19 -218750/-

പ്രസ്തുത പദ്ധതിയ്ക്കായി വിവിധ ബില്ലുകളിലായി തുക നൽകിയെങ്കിലും ആയതിൽ 289970/- രൂപ സംസ്ഥാനവിഹിതം ഉൾപ്പെടെ വിനിയോഗിച്ചതിന്റെ രേഖകൾ ആണ് ലഭ്യമാക്കിയത്. ആയതിനാൽ ഈ പദ്ധതിയ്ക്ക് വേണ്ടി വിനിയോഗിച്ച 10,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ബാക്കി തുക കൂടി വിനിയോഗിച്ച് വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 7/19-12-19.**

## 1-20 നെൽ വിത്ത് വിതരണ രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
പ്രോജക്റ്റ് നമ്പർ 53/19

പ്രോജക്റ്റ് -നെൽകൃഷിയ്ക്കാവശ്യമായ വിത്ത്, ജൈവവളം, രാസവളം, കുമ്മായം, കൂലിചെലവ് എന്നിവ നൽകുക

അടങ്കൽ 3128400/- രൂപ

ആകെ ചെലവ്-2249100/-രൂപ

പ്രസ്തുത പ്രോജക്റ്റിലെ ബിൽ നമ്പർ 2-18-19/15-11-18 പ്രകാരം പിൻവലിച്ച തുക ഉപയോഗിച്ച് 5580 കിലോ നെൽ വിത്ത് കേരള സീഡ്സ് ഡവലപ്പ്മെന്റ് അതോരിറ്റിയിൽ നിന്നും വാങ്ങിയതിൽ 5502.0746/- കിലോ നെൽവിത്ത് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 77.9254 കിലോ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നെൽവിത്തിന്റെ വിലയായി ചെലവഴിച്ച 3117/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 11/19-12-19

നിരാകരിച്ച തുക 3117/- രൂപ

## 1-21 ഇ.എം. എസ് ഭവന പദ്ധതി ലോൺ തിരിച്ചടവ് കണക്കുകൾ കൃത്യമല്ല

പ്രോജക്ട് നമ്പർ 46/19

പ്രോജക്ട് ഇ.എം. എസ് ഭവന പദ്ധതി ലോൺ തിരിച്ചടവ്

അടങ്കൽ 1627118/-രൂപ

ചെലവ് 1627118/-രൂപ

ബിൽ നമ്പർ 3/18/31-5-2018

പഞ്ചായത്തിൽ പരിപാലിച്ചിരിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരം ഇ.എം. എസ് ഭവന പദ്ധതി ലോൺ മുതൽ പൂർണ്ണമായും തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാങ്കിൽ നിന്നും ഹാജരാക്കിയിരിക്കുന്ന ലോൺ സ്റ്റേറ്റ് മെന്റ് പ്രകാരം 28,208.38/- രൂപാ ഇനിയും ഒടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. ഈ പൊരുത്തക്കേടുകൾ വിശദമാക്കേണ്ടതാണ്. വാർഷിക കണക്കുകളിലെ other liabilites എന്ന ഹെഡിൽ (350800299) 12,96,525/- രൂപാ ബാക്കി നിൽക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇ. എം.എസ് ലോൺ സംബന്ധിച്ച് കൃത്യമായ ബാങ്ക് സ്റ്റേറ്റ് മെന്റ് ലഭ്യമാക്കി ആവശ്യമായ വിശദീകരണം ലഭ്യ മാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 4/18-12-19**

## 1-22 പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്ട് നമ്പർ 49/19

പ്രോജക്ട് പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ 10,00,000/-

ചെലവ് 10,00,000/-

ബിൽ നമ്പർ 5/19/6-7-18

കരാർ ഉടമ്പടി നമ്പർ 4/18-19/11-7-2018

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടാനായി തുക നിക്ഷേപിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത കരാർ ഉടമ്പടിയിൽ പണി പൂർത്തിയാക്കുന്ന തീയതി രേഖപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ച് വിനിയോഗസർട്ടിഫിക്കേറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/18-12-19

തടസ്സപ്പെടുത്തിയ തുക 10,00,000/-

## 1-23 എസ്. എസ്.എ. വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1) നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ 1/19

പ്രോജക്ട് എസ്.എസ്.എ. വിഹിതം നൽകൽ

അടങ്കൽ -1272519/- രൂപ (വികസന ഫണ്ട് ജനറൽ )

ചെലവ് 1272519/-രൂപ

ബിൽ നമ്പർ 4/18-19/31-5-2018

2) നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ 63/19

പ്രോജക്ട് എസ്.എസ്.എ. വിഹിതം നൽകൽ (എസ്.സി)

അടങ്കൽ -2,00,000/- രൂപ(വികസന ഫണ്ട് എസ്.സി )

ചെലവ് 200000/-രൂപ

ബിൽ നമ്പർ 3/24-7-2018

മേൽ പ്രതിപാദിച്ചിരിക്കുന്ന രണ്ട് പദ്ധതികളുടെയും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1472519/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 4/18-12-19**

തടസ്സപ്പെടുത്തിയ തുക 1472519/-

## 1-24 ലേലം - ജി.എസ്.റ്റി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടന്ന വിവിധ ലേലങ്ങൾക്ക് ജി.എസ്.റ്റി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | ഈടാക്കേണ്ട ജി.എസ്.റ്റി |
|---|---|---|---|
| 1 | പഴങ്ങാലം ഗവ. യു.പി.എസിലെ മുറിച്ചിട്ട തേക്കുമരം | 14000 | 2520 |
| 2 | 7-ാം വാർഡിൽ അഭിലാഷ് കോളനിയിൽ പോകുന്ന വഴിയിൽ നിന്ന ചെറിയ മാവ് | 1400 | 252 |
| 3 | നല്ലില ഗവ.യു.പി.എസിൽ മുറിച്ച് അട്ടുക്കി സൂക്ഷിച്ചിരുന്ന നെല്ലി, വാക മരങ്ങളുടെ തടി | 3000 | 54 |
| 4 | വാർഡ് 14 ലെ 7-ാം നം. അംഗൻവാടി | 2110 | 380 |
| 5 | വാർഡ് 7 ലെ 92-ാം നം. അംഗൻവാടി | 10170 | 1831 |
| 6 | വാർഡ് 2 ലെ 89 നം. അംഗൻവാടി | 1980 | 356 |
| 7 | വാർഡ് 3 ലെ 97-ാം നം. അംഗൻവാടി | 1670 | 301 |
| 8 | വാർഡ് 3 ലെ ഓൾഡ് ഏജ്ഹോം | 880 | 158 |
| ആകെ | | 35210 | 3332 |

മേൽ തുകകൾക്ക് ജി.എസ്സ്.ടി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം.03/18.12.19**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 നെൽ വിത്ത് വിതരണ രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ 53/19

പ്രോജക്ട് -നെൽകൃഷിയ്ക്കാവശ്യമായ വിത്ത്, ജൈവവളം, രാസവളം, കുമ്മായം, കൂലിചെലവ് എന്നിവ നൽകുക

അടങ്കൽ 3128400/- രൂപ

ആകെ ചെലവ് – 2249100/- രൂപ

പ്രസ്തുത പ്രോജക്ടിലെ ബിൽ നമ്പർ 2-18-19/15-11-18 പ്രകാരം പിൻവലിച്ച തുക ഉപയോഗിച്ച് 5580 കിലോ നെൽ വിത്ത് കേരള സീഡ് ഡവലപ്പ്മെൻറ് അതോറിറ്റിയിൽ നിന്നും വാങ്ങിയതിൽ 5502.0746/- കിലോ നെൽവിത്ത് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 77.9254 കിലോ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നെൽവിത്തിന്റെ വിലയായി ചെലവഴിച്ച 3117/- (77.9254x40) രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നമ്പർ – 11/19-12-19**

നിരാകരിച്ച തുക 3117/-രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.19 മുതൽ 23.07.19 വരെ | കെ.എസ്.എ.കെ.എൽ.എം.പി7/1064/19 തീയതി 17.09.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | നെൽകൃഷിക്ക് ആവശ്യമായ വിത്ത് | 3,82,500/- | 3,82,500/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | അനുപൂരക പോഷകാഹാരം | 1,00,000/- | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | സിദ്ധാർത്ഥ ഹൈസ്കൂൾ ജംഗ്ഷൻ കണക്കാരത്ത് ഏലാ റോഡ് കോൺക്രീറ്റ് | 3,00,000/- | 3,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 3,50,000/- | 3,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | ലൈഫ് ഭവന പദ്ധതി ജനറൽ | 28,44,671/- | 28,40,000/- | 4,671/- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | ലൈഫ് ഭവന പദ്ധതി എസ് സി പി | 12,16,647/- | 12,16,647/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | പാലിന് സബ്സിഡി | 1,00,000/- | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 119-ാം നമ്പർ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം | 5,68,000/- | 5,68,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി | 2,00,000/- | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | ലൈഫ് ഭവന പദ്ധതി ജനറൽ | 42,02,217/- | 16,80,000/- | 25,22,217/- |
| ജില്ലാ പഞ്ചായത്ത് | 2018-19 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2,00,000/- | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | ലൈഫ് ഭവന പദ്ധതി എസ് സി പി | 7,75,515/- | 5,03,353/- | 2,72,162/- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 87-ാം നമ്പർ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം | 5,20,000/- | 5,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | അറവുശാലയ്ക്ക് ഭൂമിവാങ്ങൽ | 20,00,000/- | 0 | 20,00,000/- |

സംയുക്ത പ്രോജക്ടുകൾക്കുള്ള വരവു തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ (6-16) പൈപ്പ് ലൈൻ | - | 1000000 | 0 | 1000000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോ. സ്പിന്നിംഗ് മിൽ | 09.07.18 | - | 2000 | |
| 2 | കോപ്പറേറ്റീവ് ഹോസ്പിറ്റൽ,കൊല്ലം | 29.01.78 | - | 1000 | |
| ആകെ | | | | 3000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15,025/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയ്യതി |
|---|---|---|---|---|
| 2015-16 | 2-6(14) | 500 | ശ്രീ.രാജീവ് നായർ | 118010100609/27.04.18 |
| 2016-17 | 2-3(2) | 500 | ശ്രീ.രാജീവ് നായർ | 118010100609/27.04.18 |
| 2017-18 | ഓഡിറ്റന്വേഷണം നം.7 | 574 | ശ്രീ.സജീവ് / ശ്രീമതി.അനില സജീവ് | 11801100974/17.05.18 |
| 2017-18 | ഓഡിറ്റന്വേഷണം നം.7 | 7901 | ശ്രീ.തങ്കച്ചൻ | 118010100975/17.05.18 |
| 2016-17 | 2-3(2) | 1000 | ശ്രീ.രാജീവ് | 118010101353/07.06.18 |
| 2015-16 | 2-6(1) | 50 | ശ്രീ.ജി മത്തായി | 118010101515/20.06.18 |
| 2017-18 | ഓഡിറ്റന്വേഷണം നം.14 | 4500 | ശ്രീമതി.സബീറ | 118010102923/29.09.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 199960455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 165910991 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3117 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3501019 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3117 | ആർ. ഷംന,കൃഷിഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 28500 | ശ്രീ. ഹാരീസ് മുഹമ്മദ് കോയ സെക്രട്ടറി |
| 1-19 | 1000000 | ഡോ. സീന എസ്.എൽ വെറ്റിനറി സർജൻ |
| 1-22 | 1000000 | ശ്രീ. ഹാരീസ് മുഹമ്മദ് കോയ സെക്രട്ടറി |
| 1-23 | 1472519 | ശ്രീ. ഹാരീസ് മുഹമ്മദ് കോയ സെക്രട്ടറി |

## (സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ. ഷംന, കൃഷിഓഫീസർ | കൃഷിഓഫീസർ നെടുമ്പന | റഷീദ് മൻസിൽ കിളികൊല്ലൂർ.പി.ഒ കൊല്ലം-691004 |
| ശ്രീ. ഹാരീസ് മുഹമ്മദ് കോയ സെക്രട്ടറി | സെക്രട്ടറി നെടുമ്പനഗ്രാമ പഞ്ചായത്ത് | പണ്ടകശാല , പ്രാക്കുളം പി.ഒ, കൊല്ലം |
| ഡോ. സീന എസ്.എൽ വെറ്റിനറി സർജൻ | - | ശ്രേയസ്സ് , ജനനി നഗർ ,25 സി, ഠൌൺ ലിമിറ്റ്, കടപ്പാക്കട |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം.പി7/415/2018, dated,26-2-18 |
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(1)/2019, dated, 12-6-19 |
| | |

| | |
|---|---|
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(2)/2019,<br>dated, 12-6-19 |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(3)/2019,<br>dated, 12-6-19 |
| 2009-10 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(4)/2019,<br>dated, 12-6-19 |
| 2010-11-<br>2011-12 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(5)/2019,<br>dated, 12-6-19 |
| 2012-13-<br>2013-14 | എൽ.എഫ്.ക്യൂ.പി1/122222/14,<br>dated, 4.3.15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി1/22222/14,<br>dated,4.3.15 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/17,<br>dated,22.1.18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/18,<br>dated,22.1.18 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7/1868/18,<br>dated,26.02.18 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

**ജില്ലാഓഡിറ്റ്കാര്യാലയം, കൊല്ലം.**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

**കെ.എസ്.എ. കെ.എൽ.എം - പി.7-87/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –16-03-2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.KSA.KLM.P7 -87/2020/2019 , Dated - 16/03 /2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Nedumpana Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Nedumpana Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 അനുബന്ധ പത്രികകൾ

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്